# ധ്വനി

## വിദ്യാലയത്തിന്റെ ശബ്ദം

## മഞ്ഞളാംപുറം യു പി സ്കൂൾ



ആഗസ്ത് - സെപ്തംബർ 2024

***DWANI***

Month:

***August- September 2024***

Address:

***Manhalampuram UP School***

***Kelakam P O***

***Kelakam***

***Kannur Dist.***

Manager:

**Fr. George Chelamaram**

**Editorial Board**



**Akhil Antony**
Staff Editor



**Sr. Smitha Thresiamma**
Joint Editor



**Elsin Chacko**
Student Editor



**Elna Sunil**
Joint Editor

Pages: 17



# മുഖമൊഴി

പ്രിയരേ...

മഞ്ഞളാംപുറം യു പി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് സംഘാടക സമിതിയുടെ നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി വരികയാണ്. എഴുപത്തഞ്ചാം വർഷത്തിലും അതിന്റെ എല്ലാ പ്രതാപത്തോടും കൂടി നിലനിൽക്കുന്ന ഈ വിദ്യാലയത്തിന്റെ പ്ലാറ്റിനം ജൂബിലി വിളംബര ജാഥ ഒക്ടോബർ മാസത്തിൽ നടക്കുകയാണ്. അതിലേക്ക് എല്ലാവരുടെയും നിസ്സീമമായ സഹകരണം പ്രതീക്ഷിക്കുന്നു. അതുപോലെ സബ്ജില്ലാതല ശാസ്ത്രമേളകൾ, കലോത്സവം, സ്പോർട്സ് എന്നിവയ്ക്കായി വിദ്യാലയം ഒരുങ്ങിക്കൊണ്ടിരിക്കുന്നു. തുടർന്ന് വരുന്ന ശിശുദിനാഘോഷം നമ്മുടെ കുട്ടികളെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒന്നാണ്. നമുക്കെല്ലാവർക്കും ചേർന്ന് ഓരോ അവസരങ്ങളും ഏറെ മനോഹരമാക്കാം.

വലുതായി ചിന്തിച്ച് ധീരമായി മുന്നേറാം...

**റോസമ്മ പി ഡി**

ഹെഡ്മിസ്ട്രസ്

## താളുകൾ മറിക്കുമ്പോൾ...

**ഓർമ്മകളിലൂടെ ................................ . 02**

**നേട്ടങ്ങൾ .............................................. 09**

**കലകളിലൂടെ ..................................... . 12**

# ഓർമ്മകളുടെ ആഗസ്ത് , സെപ്തംബർ

## സ്വാതന്ത്ര്യദിനാഘോഷം



പ്ലാറ്റിനം ജൂബിലി നിറവിൽ ആയിരിക്കുന്ന മഞ്ഞളാംപുറം യുപി സ്കൂളിലെ സ്വാ
തന്ത്ര്യദിനാഘോഷ ഉദ്ഘാടനം വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ.
സജീവൻ പാലുമ്മിനിർവഹിച്ചു. പിടിഎ പ്രസിഡണ്ട് ശ്രീ സുജയ് ടി.ജേക്കബ് അധ്യ
ക്ഷത വഹിച്ചു. സ്കൂൾ മാനേജർ റവ: ഫാ ജോർജ് ചേലമരം സ്വാതന്ത്ര്യദിന സ
ന്ദേശം നൽകി . വാർഡ് മെമ്പർ ശ്രീ ജോണി പാമ്പാടി, , ങജഠഅ പ്രസിഡണ്ട് ശ്രീ
മതി. ജീമോൾ വർഗീസ്, സ്കൂൾ ലീഡർ കുമാരി എൽന സുനിൽ എന്നിവർ ആ
ശംസകൾ നേർന്നു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി.റോസമ്മ പി.ഡി സ്വാഗത
വും സീനിയർ അസിസ്റ്റൻറ് ശ്രീമതി ഷാലി പി.എൽ നന്ദിയും അറിയിച്ചു. പ്രസം
ഗം, ദേശീയ ഗാനം, ദേശഭക്തി ഗാനം മത്സരങ്ങളും ദേശീയ പതാക നിർമ്മാണവും
നടത്തി. എല്ലാ ക്ലാസുകളിൽ നിന്നുമായി സ്വാതന്ത്ര്യ സമരസേനാനികൾ പ്രച്ഛന്ന
വേഷധാരികളായി അണിനിരന്നു. എല്ലാവർക്കും പായസം വിതരണം ചെയ്തു.





## കളർ ഇന്ത്യ മത്സരം

ഭാരതത്തിന്റെ 78 ആം സ്വാതന്ത്ര്യ ദിന ദിനത്തോടനുബന്ധിച്ച് കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി പ്രഥമ പത്രം ആയ ദീപിക ഒരുക്കിയ പെയിന്റിംഗ് മത്സരമാണ് കളർ ഇന്ത്യ. എല്ലാവരും ഒന്നാണ് സഹോദരി സഹോദരന്മാരാണ് എന്ന ചിന്ത വിദ്യാർത്ഥികളുടെ മനസ്സിൽ പതിപ്പിക്കുക എന്നതാണ് ഇത് ലക്ഷ്യമി ടുന്നത്.സ്വന്തം നാടിനോടുള്ള സ്നേഹവും അഖണ്ഡത ബോധവും പുതിയ ത ലമുറയിൽ വളർത്തുക എന്നതും കളർ ഇന്ത്യയിലൂടെ ദീപിക ലക്ഷ്യമിടുന്നു. കേര ളത്തിലെ 14 ജില്ലകളിലും തമിഴ്നാട്ടിലെ നാല് ജില്ലകളിലും ആണ് മത്സരം നടത്തി യത്. നമ്മുടെ വിദ്യാലയത്തിൽ നിന്നും നൂറോളം കുട്ടികൾ ഈ മത്സരത്തിൽ പങ്കെടുത്തു.



## ധ്വനി: ഓൺലൈൻ മാസിക

മഞ്ഞളാം പുറം യു പി സ്കൂൾ ഓൺലൈൻ മാസിക ധ്വനി ഫോക് ലോർ അക്കാദമി അവാ ർഡ് ജേതാവും കലാകാരനുമാ യ ശ്രീ. നാദം മുരളി ഓ ൺലൈൻ ആയി പ്രകാശനം ചെയ്തു. സ്കൂളിലെ പ്രവർത്ത നങ്ങളും കുട്ടികളുടെ കലാ സൃ ഷ്ടികളും അടങ്ങുന്ന മാഗസിൻ രണ്ട് മാസം കൂടുമ്പോഴാണ് പ്ര സിദ്ധീകരിക്കുക.



# ലാസ്യം 2024

ലാസ്യം 2024 എന്ന പേരിൽ ഓഗസ്റ്റ് പതിനേഴാം തീയതി സ്കൂൾ കലോത്സവം നടത്തപ്പെട്ടു. വിവിധ സ്റ്റേജുകളിലായി മത്സരങ്ങൾ നടത്തപ്പെട്ടു. കുട്ടികൾ ആവേശത്തോടെയും മത്സര ബുദ്ധിയോടെയും പരിപാടികൾ അവതരിപ്പിച്ചു.





## സ്പോർട്സ് സെലക്ഷൻ

എൽപി യുപി വിഭാഗം കുട്ടികൾക്കായി പ്രത്യേകമായി സ്പോർട്സ് സെലക്ഷൻ നടത്തി, മത്സരങ്ങൾക്കായി കുട്ടികളെ തിരഞ്ഞെടുത്തു.







## സെപ്റ്റംബർ 5 അധ്യാപക ദിനം

സ്കൂൾ മാനേജർ ഫാദർ ജോർജ് ചേലമരം അധ്യാപകദിന സന്ദേശം നൽകുകയും എല്ലാ അധ്യാപകർക്കും സമ്മാനം നൽകുകയും ചെയ്തു. ഓരോ ക്ലാസിലെയും ക്ലാസ് ലീഡേഴ്സ് ക്ലാസ് അധ്യാപകർക്ക് പൂക്കൾ നൽകി അധ്യാപക ദിന ആശംസകൾ നേർന്നു.



## ഓണാഘോഷം

2024 വർഷത്തെ ഓണാഘോഷം വളരെ മനോഹരമായി മഞ്ഞളാവും പുറം യു പി സ്കൂളിൽ നടന്നു. രാവിലെ പത്തുമണി മുതൽ ക്ലാസ്സ് അടിസ്ഥാനത്തിൽ പൂക്കള മത്സരം ആരംഭിച്ചു കുട്ടികൾ വളരെ മത്സരബുദ്ധിയോടു കൂടെ തന്നെ മത്സരത്തിൽ പങ്കുചേർന്നു വളരെ മനോഹരമായി പൂക്കളം നിർമ്മിച്ചു. ഓണാഘോഷ പരിപാടികൾ പതിനൊന്നരയ്ക്ക് ചെട്ടിയാംപറമ്പ് വികാരിയും പേരാവൂർ മേഖല ഫാമിലി അപ്പസ്തോലിക് ഡയറക്ടറുമായ ഫാദർ സെബാസ്റ്റ്യൻ പൊടിമറ്റം ഉദ്ഘാടനം ചെയ്തു. 7 എ ക്ലാസിലെ റോഷൻ മാവേലിയായി അണിഞ്ഞൊരുങ്ങി. പിടിഎയുടെ യും അധ്യാപകരുടെയും നേതൃത്വത്തിൽ ഓണസദ്യ എല്ലാവർക്കും ആയി ഒരുക്കി. വിഭവസമൃദ്ധമായ ഓണസദ്യയിൽ എല്ലാവരും പങ്കുചേർന്നു.


OFFICE
മഞ്ഞളാംപുറം യു.പി. സ്കൂൾ, കേളകം
ഓണാഘോഷം






മഞ്ഞളാംപുറം യു.പി. സ്കൂൾ, കേളകം
ഓണാഘോഷം

## വിവിധ മേളകളുടെ ബന്ധപ്പെട്ട പരിശീലനങ്ങൾ



## ക്ലാസ് പി ടി എ മീറ്റിംഗുകൾ



# നേട്ടങ്ങൾ


സബ്ജൂനിയർ ബാഡ്മിന്റൺ
ചാമ്പ്യൻഷിപ്പ്
ഇരിട്ടി ഉപജില്ല സബ്ജൂനിയർ
ബാഡ്മിന്റൺ
ചാമ്പ്യൻഷിപ്പ് സിംഗിൾസിൽ
ജില്ലാതലത്തിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട
ദയലക്ഷ്മിക്ക്
അഭിനന്ദനങ്ങൾ
മഞ്ഞളാംപുറം യു.പി സ്കൂൾ കേളകം


സബ്ജൂനിയർ ബാഡ്മിന്റൺ
ചാമ്പ്യൻഷിപ്പ്
ഇരിട്ടി ഉപജില്ല സബ്ജൂനിയർ
ബാഡ്മിന്റൺ
ചാമ്പ്യൻഷിപ്പ് സിംഗിൾസിൽ
ജില്ലാതലത്തിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട
ജോഫിൻ ചാക്കോ ക്ക്
അഭിനന്ദനങ്ങൾ
മഞ്ഞളാംപുറം യു.പി സ്കൂൾ കേളകം


മഞ്ഞളാംപുറം യു.പി സ്കൂൾ
കേളകം
ഇരിട്ടി ഉപജില്ലസബ് ജൂനിയർ ഗേൾസ്
ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ
ഫസ്റ്റ് റണ്ണറപ്പ്
നേടിയ
മഞ്ഞളാംപുറം യു.പി സ്കൂൾ ടീം


മഞ്ഞളാംപുറം യു.പി സ്കൂൾ
കേളകം
ഇരിട്ടി ഉപജില്ല സബ്ജൂനിയർ
ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ
ഫസ്റ്റ് റണ്ണറപ്പ്
നേടിയ
മഞ്ഞളാംപുറം യു.പി സ്കൂൾ ടീം
അഭിനന്ദനങ്ങൾ


BEADS ABACUS
STATE LEVEL ABACUS COMPETITION
കോഴിക്കോട് വെച്ച് നടന്ന
സംസ്ഥാനതല അബാക്കസ് മത്സരത്തിൽ
മികച്ച വിജയം നേടി ചെന്നൈയിൽ നടക്കുന്ന
ദേശീയതല അബാക്കസ് മത്സരത്തിൽ
പങ്കെടുക്കാൻയോഗ്യത നേടിയിരിക്കുന്നു.
AAVANI MANOJ
അഭിനന്ദനങ്ങൾ
BEADS
ABACUS


മഞ്ഞളാംപുറം യു.പി സ്കൂൾ
കേളകം
അഭിനന്ദനങ്ങൾ
ഇരിട്ടി സബ്ജില്ല സബ്ജൂനിയർ
ഫുട്ബോൾ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട
മിന്നുംതാരങ്ങൾ
നിഹാര എം
അനുനന്ദ പി.എസ്


മഞ്ഞളാംപുറം യു.പി സ്കൂൾ
കേളകം
ഇരിട്ടി ഉപജില്ല ശാസ്ത്ര ക്വിസിൽ
മൂന്നാം സ്ഥാനം
നേടിയ
അയന തുളസീദാസ്
അഭിനന്ദനങ്ങൾ


മഞ്ഞളാംപുറം യു പി സ്കൂൾ
കേളകം
വിദ്യാരംഗം കലാസാഹിത്യ വേദി
സബ്ജില്ലാതല മത്സരങ്ങളിൽ
ജില്ലാതലത്തിലേക്ക്
തിരഞ്ഞെടുക്കപ്പെട്ടവർ.
കവിത രചന
കഥ രചന
അഗ്നേഷ് കെ എ
എൽന സുനിൽ
VIIB
VIIB
അഭിനന്ദനങ്ങൾ


ജനയുഗം അറിവുത്സവം
സബ് ജില്ലാ തലം
ഒന്നാം സ്ഥാനം
ക്രിസ്റ്റോ ജിമ്മി
അഭിനന്ദനങ്ങൾ...
മഞ്ഞളാംപുറം യു പി സ്കൂൾ, കേളകം


ജനയുഗം അറിവുത്സവം
സബ് ജില്ലാ തലം - എൽ പി വിഭാഗം
മൂന്നാം സ്ഥാനം
ശിവരഞ്ജിനി വി എസ്
അഭിനന്ദനങ്ങൾ...
മഞ്ഞളാംപുറം യു പി സ്കൂൾ, കേളകം

# കലകളിലൂടെ...

## കേരളം

കേരളം കേരളം കേളികേട്ട കേരളം
മലയാള ഭാഷ തൻ പുണ്യനാട് കേരളം
മാവേലി തമ്പുരാൻ വാണ നാട് കേരളം
കേര വൃക്ഷങ്ങൾ നിറഞ്ഞ നാട് കേരളം
കോലവും തെയ്യവും ഉള്ള നാട് കേരളം
സ്നേഹത്തിന്റെ കരങ്ങൾ നിറഞ്ഞ നാട് കേരളം
പുഴകളും മലകളും പൂവനങ്ങളും നിറഞ്ഞ നാട് കേരളം
കേരളം കേരളം കേളി കേട്ട കേരളം

വള്ളവും വള്ളംകളിയും ആർപ്പുവിളിക്കും കേരളം
കഥകളിയുടെ കഥ പറയും കേരളം
ഞാൻ പിറന്ന കേരളം നന്മയാർന്ന കേരളം
ദൈവത്തിന്റെ സ്വന്തം നാട് കേരളം



**Keerthana K V**
**V B**



# ചങ്ങാലി പ്രാവ്

ചെറുപുള്ളിചിറകുള്ള ചങ്ങാലി പ്രാവേ തലതല്ലിക്കരയുന്നതെന്തുകൊണ്ട് നീ...

തലതല്ലിക്കരയുന്നതെന്തുകൊണ്ട്?

പറയുന്നു ചങ്ങാലി ഞാനിന്നു നാഴി പയറെൻ മകൾക്കു കൊടുത്തു പോയി

ഉപ്പിട്ടു തിരികെ വരുമ്പോൾ വറുത്തു വെക്കാൻ...

തിരികെ വരുന്നേരമെന്തു ചൊല്ലേണ്ടു ഉരിയെ പയറുള്ളു

ചട്ടിയിലോട്ടാകെ ഉരിയെ പയർമണി കണ്ടതുള്ളു.

പയറെന്തു ചെയ്തു നീ അറുകള്ളി പെണ്ണേ?... പകുതിയുമില്ലല്ലോ...

നീ കൊറിച്ചോ?? നിന്റെ പലകൂട്ടുക്കാർക്കു നീ സൽക്കരിച്ചോ??

പറയുന്നീലവളൊന്നും വറവുതീർന്നപ്പോൾ പയറിത്രമാത്രമേ കണ്ടതുള്ളു...

കള്ളം പറയുന്നതല്ലഞാൻ തെല്ലുമമ്മേ...

പൊളിയാണിതെല്ലാം ഞാൻ പൊട്ടിയെന്നോർത്തു കലികൊണ്ട് കൊത്തി ഞാൻ നെഞ്ചിൽ നിളെ...

കലി കൊണ്ട് കൊന്നു ഞാൻ പൊന്നു മോളെ...

പകതീർന്നു താനേ വറുത്തു ഞാൻ നാഴി പയറുപ്പു ചേർത്തു വറുത്തപ്പോഴേ

ഉരിപ്പയറൂരി മാത്രമേ കണ്ടതുള്ളു...

ഒരുമണി പയറിനു കുഞ്ഞിനെ കൊന്നാൽ... ഉലകത്തിലെന്തിനി ഞാനിരിപ്പൂ....

മേലിൽ ഉലകത്തിലെന്തിനി ഞാനിരിപ്പൂ....





**Niyon Chacko Joji**
**III C**





**Augustus Abraham**
**VII B**







**Angel Mariya Joshi**
**VII B**

# വയനാട് നിര

വയനാട് നിരകൾ മനുഷ്യന്റെ ചോര പൊടിഞ്ഞു
നിൽക്കുന്നിതാ....
ഒരു നേരം കുഞ്ഞിന്റെ
കരച്ചിലതാ... കേൾക്കുന്നു....
മനുഷ്യർ പിടയുന്ന
മണ്ണിൽ കണ്ണീര് ഒഴുകുന്നു.......
കാത്തിരിക്കാം നമുക്കും
ഈ ദിനം കാത്തിരിക്കാം......
വയനാടൻ മൺനിരകൾ
പൊടിഞ്ഞിളകുന്നു....
മനുഷ്യരും രക്ഷാ പ്രവർത്തകരും
മൃതദേഹം കണ്ടുനിൽക്കുന്നു.......
കാണാത്ത പുഴയുടെയും കാറ്റിന്റെയും
രൂപം കണ്ടു ഞങ്ങൾ വയനാട്ടുകാർ...



ആരാധ്യ വി.എസ്

**V D**






# MANHALAMPURAM UP SCHOOL

## KELAKAM 670674